**കേരള സർക്കാർ**

**"ഭരണഭാഷ – മാതൃഭാഷ"**

നം : DFTVM/311/2025-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:05-03-2025
ഇ-മെയിൽ :fisheriesdirector@gmail.com

**<u>സർക്കുലർ നമ്പർ. 04/2025</u>**

വിഷയം :- ഫിഷറീസ്- സഹകരണം - പ്രാഥമിക മത്സ്യ സഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സ.ഉ.(കൈ) നം. 3/2024/F&PD; തീയതി: 20.02.2024
2. സ.ഉ. (സാധാ) നം. 135/2021/Co.Op; തീയതി 19.02.2021
3. സ.ഉ. (സാധാ) നം. 154/2024/Co.Op; തീയതി 16.03.2024
4. സ.ഉ. (സാധാ) നം. 580/2024/Co.Op; തീയതി 04.12.2024
5. സ.ഉ. (സാധാ) നം. 581/2024/Co Op; തീയതി 05.12.2024

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിൽ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം 01.04.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് പ്രീ റിവൈസ്ഡ് സ്കെയിലിൽ ആകെയുള്ള 295% ക്ഷാമബത്തയിൽ 238% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ചും 57% ക്ഷാമബത്ത പുതുക്കിയ സ്കെയിലിൽ നിലനിർത്തിക്കൊണ്ടുമാണ്. ടി ഉത്തരവിലെ നിബന്ധന (2) ൽ പുതിയ നിരക്കിലുള്ള ക്ഷാമബത്ത സഹകരണസംഘം ജീവനക്കാർക്ക് ബാധകമായ ക്ഷാമബത്ത സംബന്ധിച്ച ഉത്തരവ് പ്രകാരവുമായിരിക്കും എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

സഹകരണ സംഘം ജീവനക്കാർക്ക് സൂചന (2), (3), (4) സർക്കാർ ഉത്തരവുകൾ പ്രകാരം ക്ഷാമബത്ത വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സൂചന (5) സർക്കാർ ഉത്തരവ് പ്രകാരം ക്ഷാമബത്ത വർദ്ധിപ്പിച്ച ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്. ആയതിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ചുവടെപ്പറയും പ്രകാരം പരിഷ്കരിച്ച് നൽകാവുന്നതാണ്.

<u>നിലവിൽ പുതുക്കിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ള ജീവനക്കാർക്ക്</u>

| പ്രാബല്യത്തീയതി | പുതിയ ക്ഷാമബത്ത |
|---|---|
| 01.07.2019 | 63% |
| 01.01.2020 | 70% |
| 01.07.2020 | 76% |
| 01.01.2021 | 81% |

| | |
|---|---|
| 01.07.2021 | 86% |

പുതുക്കിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ലാത്ത ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | നിലവിലുള്ള ക്ഷാമബത്ത (01.07.2018 അടിസ്ഥാനമാക്കി) | വർദ്ധിപ്പിക്കുന്ന ക്ഷാമബത്ത | പുതിയ ക്ഷാമബത്ത |
|---|---|---|---|
| 01.01.2019 | 284% | 11% | 295% |
| 01.07.2019 | 295% | 17% | 312% |
| 01.01.2020 | 312% | 17% | 329% |
| 01.07.2020 | 329% | 14% | 343% |
| 01.01.2021 | 343% | 13% | 356% |
| 01.07.2021 | 356% | 12% | 368% |

സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വാർഷിക വ്യാപാര ലാഭത്തിന്റെ 80% ൽ അധികരിക്കുന്നില്ല എന്ന് ഉറപ്പാക്കിക്കൊണ്ടും അതത് സംഘം ഭരണസമിതി തീരുമാനപ്രകാരം ക്ഷാമബത്ത അനുവദിച്ച് നൽകേണ്ടതാണ്.

SAFNA NAZARUDEEN IAS
DIRECTOR OF FISHERIES
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
ഫിഷറീസ് ഡയറക്ടർ

Signed by
Remany K S
Date: 05-03-2025 14:53:24

പകർപ്പ് :-

1. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണമേഖല / മദ്ധ്യമേഖല/ ഉത്തരമേഖല)
2. എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ ഫിഷറീസ് സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർമാർക്കും
4. എല്ലാ ഫിഷറീസ് സഹകരണ സംഘങ്ങൾക്കും (യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന)
5. വെബ്സൈറ്റ്